**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 806** **17-09-2025 - ൽ മറുപടിയ്ക്ക്**

**നിക്ഷേപത്തുക മടക്കി നൽകുന്നതിനുള്ള നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം. വിൻസെന്റ് | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി) | |
| (എ) | ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 11-9-2014-ലെ ഡബ്ല്യൂ .പി (സി ) നം. 8706/2020 നമ്പർ കേസിന്റെ വിധിയുടെ അടിസ്ഥാനത്തിൽ കണ്ടല സർവീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് നിക്ഷേപത്തുക മടക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; നാളിതുവരെ എത്രപേർക്ക് നിക്ഷേപത്തുക മടക്കി നൽകി; ഇനി എത്രപേർക്ക് നൽകുവാൻ ഉണ്ട്; വിശദവിവരം ലഭ്യമാക്കാമോ; | (എ) | ബഹു കേരള ഹൈക്കോടതിയുടെ 11.09.2024 വിധിയുടെ അടിസ്ഥാനത്തിൽ കണ്ടല സർവ്വീസ് സഹകരണബാങ്കിൽ വായ്പ, എം ഡി എസ് ഇനത്തിൽ തിരിച്ചടവ് വരുന്ന തുകകൾ നിക്ഷേപകർക്ക് ഗഡുക്കളായി തിരികെ നൽകി വരുന്നുണ്ട്. 11.09.2024 തീയതി മുതൽ 2792 നിക്ഷേപകർക്ക് 20,08,29,362/- രൂപ മടക്കി നൽകിയിട്ടുണ്ട്. 13162 നിക്ഷേപകർക്ക് 141,46,64,257/- രൂപ മടക്കി നൽകാനുണ്ട്. |
| (ബി) | നിക്ഷേപത്തുക മുഴുവൻ മടക്കി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ? | (ബി) | നിക്ഷേപത്തുക മടക്കി നൽകുന്നതിന് അടിയന്തിര നടപടി സ്വീകരിച്ചിട്ടുണ്ട്. നിക്ഷേപ തുക മടക്കി നൽകുന്നതിനുള്ള നടപടികളുടെ ഭാഗമായി കേരള ബാങ്കിൽ നിന്നും മാനേജർ തസ്തികയിലുള്ള ഒരു ഉദ്യോഗസ്ഥനെ കണ്ടല സഹകരണ ബാങ്കിൽ സ്പെഷ്യൽ ഓഫീസറായി നിയമിച്ചിട്ടുണ്ട്. ടി ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ റിക്കവറി പ്രവർത്തനങ്ങളും ബാങ്കിന്റെ പുനരുദ്ധാരണ പ്രവർത്തനങ്ങളും നടത്തി വരുന്നു. ആർബിട്രേഷൻ, എക്സിക്യൂഷൻ നടപടികൾക്കായി എആന്റ് ഇ ഇൻസ്പെക്ടറുടെ സേവനം സൗജന്യമായി നൽകിയിട്ടുണ്ട്. സഹകരണ നിയമം വകുപ്പ് 68(2) പ്രകാരമുള്ള സർചാർജ് നടപടികൾ അന്തിമ ഘട്ടത്തിലാണ്. നിലവിൽ ബാങ്കിൽ വായ്പ തിരിച്ചടവ് വഴി ലഭിക്കുന്ന തുകകൾ ജോയിന്റ് രജിസ്ട്രാറുടെ ഉത്തരവ് പ്രകാരം രൂപീകരിച്ച നിക്ഷേപക പ്രതിനിധികൾ ഉൾപ്പെടുന്ന കമ്മിറ്റി അംഗീകരിക്കുന്ന ലിസ്റ്റ് പ്രകാരം വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ